ശ്രീ. വി. സുരേന്ദ്രൻ പിള്ള : ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡിലെ തൊഴിലാളികളും എല്ലാ വിഭാഗം തൊഴിലാളികളും കഴിഞ്ഞ ഒരു മാസക്കാല മായി ഓയിൽ പാം ഫാക്ടറി പടിക്കൽ നിരാഹാര സത്യാഗ്രഹം നടത്തുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതു അവസാനിപ്പിക്കാനുള്ള എന്തെങ്കിലും നടപടികൾ ഗവൺമെൻറു സ്വീകരിച്ചി ട്ടുണ്ടോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അവർ സത്യാഗ്രഹം നടത്തുകയാണ്. അതിന്റെ വെളിച്ചത്തിൽ ഗവൺമെൻറു ബന്ധപ്പെട്ട സെക്രട്ടറിക്കു കോൺ ഫറൻസു നടത്താൻ നിർദ്ദേശം കൊടുത്തു. വീണ്ടും ഇന്ന് എന്റെ നേതൃ ത്വത്തിൽ കോൺഫറൻസ് നടത്തുകയാണ്. അതിന്റെ ഫലമായി ആ സമരം പിൻവലിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : എണ്ണപ്പന കൃഷിക്കുവേണ്ടി വിട്ടു കിട്ടി യിട്ടുള്ള നൂറു കണക്കിനു ഏക്കർ സ്ഥലത്ത് ആ കൃഷി നടത്താതിരിക്കു കയും, വിശേഷിച്ചും കൊല്ലം ജില്ലയിൽ എണ്ണപ്പനയ്ക്കുവേണ്ടി വിട്ടു കിട്ടിയ സ്ഥലത്തു നൂറു കണക്കിനു ഏക്കർ സ്ഥലത്തു എണ്ണപ്പന കൃഷി ചെയ്യാതെ പാഴായി ഇട്ടിരിക്കുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആ സ്ഥലത്തു അടിയന്തിരമായി ഇതു നടപ്പാക്കാൻ ഗവൺമെൻറു ശ്രദ്ധി ക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഞാൻ നേരത്തെ പറഞ്ഞ 3705 ഹെക്ടർ സ്ഥലമാണ് ഇതിനുവേണ്ടിയുള്ളത്. ചിതറ എസ്റ്റേറ്റിൽ 946 ഹെക്ടറിലും ഏരൂരിൽ 2080 ഹെക്ടറിലും, കുളത്തൂപ്പുഴ 679 ഹെക്ടറി ലുമാണ് എണ്ണപ്പനക്കൃഷി നടത്തുന്നത്. ആ സ്ഥലം പാഴായി ഇട്ടേയ്ക്കാൻ ഉദ്ദേശമില്ല.

"വിൻഡ് മില്ലുകൾ"

* 413. [441] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
,, സി. ടി. അഹമ്മദലി :
,, പി. സീതിഹാജി :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിക്ഷാമത്തിനു പരിഹാരം എന്ന നിലയിൽ കാറ്റിന്റെ ശക്തികൊണ്ട് പ്രവർത്തിക്കുന്ന "വിൻഡ് മില്ലുകൾ" സ്ഥാപിക്കാൻ സംസ്ഥാന ഗവൺമെൻറിനു എതെങ്കിലും പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, എവിടെ എല്ലാമാണ് അവ സ്ഥാപിക്കാനുദ്ദേ ശിക്കുന്നത് ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) കേരളത്തിലെ സാഹചര്യങ്ങളിൽ ഇതു എത്രത്തോളം പ്രയോജന പ്രദമായിരിക്കുമെന്ന് പഠിച്ചുകൊണ്ടിരിക്കുകയാണ്. തീരുമാനമെടുത്തിട്ടില്ല.

(ബി) മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യമുദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദലി : ഏറ്റവുമധികം വൈദ്യുതിക്ഷാമം അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിൽ കടൽക്കാറ്റു വളരെയേറെ സൗകര്യപ്രദമായ രീതിയിൽ നമുക്കു ലഭ്യമാകുന്നതുകൊണ്ട് ഇതു സംബന്ധിച്ച് സമഗ്രമായ ഒരു സർവ്വേ നടത്തുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇതു സംബന്ധിച്ചു വിദഗ്ദ്ധൻമാരെക്കൊണ്ട് സർവ്വേ നടത്തിയിട്ടുണ്ട്. പക്ഷെ കേരളത്തിലെ കാലാവസ്ഥ ഇക്കാര്യത്തിൽ അത്ര അനുകൂലമാണെന്നു തോന്നുന്നില്ല. എങ്കിലും ഏറ്റവും കൂടുതൽ കാറ്റു ലഭിക്കുന്ന പാലക്കാടിനും കോയമ്പത്തൂരിനും ഇടയ്ക്കുള്ള പ്രദേശത്ത് ഒരു പരീക്ഷണാത്മകമായ നിലയിൽ കാറ്റുപയോഗിച്ചു വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന എന്തെങ്കിലുമൊരു ഏർപ്പാടു തുടങ്ങുന്നതിനെപ്പറ്റി ബോർഡു വളരെ ഗൗരവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ കടൽത്തീരത്തെ കാറ്റു ഇതിനുപറ്റിയതാണെന്നു ഇതുവരെ വിദഗ്ദ്ധ അഭിപ്രായം ലഭിച്ചിട്ടില്ല.

ശ്രീ. സി. ടി. അഹമ്മദലി : ഇൻഡ്യയിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ ഇതു നടപ്പാക്കിയിട്ടുണ്ടെന്നും, അതു എത്രകണ്ടു വിജയിച്ചിട്ടുണ്ടെന്നും വല്ല വിവരവും ബഹുമാനപ്പെട്ട മന്ത്രിക്കു ലഭിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഗുജറാത്തിൽ ഇതു പരീക്ഷണാർത്ഥം തുടങ്ങിയിട്ടുണ്ട്. പക്ഷേ ഇവിടത്തെക്കാൾ കൂടുതൽ കാറ്റു ലഭിക്കുന്ന പ്രദേശമെന്നുള്ള നിലയിൽ ഗുജറാത്തിലെ കടലോര പ്രദേശങ്ങളിൽ ഇതിൽ ഒരെണ്ണം സ്ഥാപിച്ചതായി അറിവുണ്ട്. പക്ഷെ എത്രത്തോളം വിജയമായി എന്നു പറയാൻ കഴിയില്ല. ഇതു 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒന്നല്ല. മറ്റു എനർജി സിസ്റ്റംസുമായി ബന്ധപ്പെടുത്തി കാറ്റു അനുകൂലമായ സാഹചര്യങ്ങളിൽ കുറച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നല്ലാതെ ഡിപ്പൻഡു ചെയ്യാൻ കഴിയുന്ന ഒരു എനർജി സോഴ്സായി ഇതുവരെ കണക്കാക്കിയിട്ടില്ല.

ശ്രീ. കെ. പി. രാമൻ : ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച സ്ഥലങ്ങളിൽ വിൻഡ് മിൽ സ്ഥാപിക്കുകയാണെങ്കിൽ നമ്മുടെ സംസ്ഥാനത്തു നേരിട്ടുകൊണ്ടിരിക്കുന്ന വൈദ്യുതിക്ഷാമം നികത്താൻ സാധിക്കുമെന്ന് പ്രതീക്ഷ ഉണ്ടോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അതിനെപ്പറ്റി ഇപ്പോഴും ആലോചിച്ചിട്ടില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : തീരപ്രദേശത്തെ കാറ്റു ഇതിനു പറ്റിയതെന്നു മന്ത്രി പറഞ്ഞു. ഞാൻ ചോദിക്കട്ടെ കൊട്ടാരക്കരയിൽ നല്ല കാറ്റുണ്ടല്ലോ അവിടെ ഇതു സ്ഥാപിക്കാമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : വർക്കലയിലെ കാറ്റ് മോശമായിരിക്കാം. കൊട്ടാരക്കരയിലെ കാറ്റിനു കുഴപ്പമില്ല. പക്ഷെ ഇതിനു പറ്റിയ കാറ്റല്ല.

LIBRARY ARCHIVES Kerala Legislative Assembly